# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -2984 | 13.07.2015 ൽ മറുപടിയ്ക്ക്

### <u>ടീം സോളാർ കമ്പനി</u>

| <u>ചോദ്യം</u><br>ശ്രീ.പി.സി.ജോർജ്ജ് | <u>മറുപടി</u><br>ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
|---|---|
| (എ) സൗരോർജ്ജ പദ്ധതിയുടെ പേരിൽ നിരവധി ആളുകളിൽ നിന്നും കോടിക്കണക്കിന് രൂപ തട്ടിയെടുത്ത ടീം സോളാർ കമ്പനിയെ സംസ്ഥാന സർക്കാർ കരിമ്പട്ടികയിൽ ഉൾപ്പെടുത്താത്തത് എന്ത്കൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (എ) സൗരോർജ്ജ പദ്ധതിയുടെ പേരിൽ നിരവധി ആളുകളിൽ നിന്നും കോടിക്കണക്കിന് രൂപ തട്ടിയെടുത്ത ടീം സോളാർ കമ്പനിയുടെ രജിസ്ട്രേഷൻ റദ്ദാക്കിയിട്ടുണ്ട്. |
| (ബി) ടീം സോളാർ കമ്പനിയുടെ പേരിൽ സരിത എസ്. നായർ നടത്തിയ തട്ടിപ്പിനെപ്പറ്റി കേന്ദ്ര കമ്പനികാര്യവകുപ്പിനെ സംസ്ഥാന സർക്കാർ ഇതുവരെ അറിയിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്നുവ്യക്തമാക്കുമോ; | (ബി) ടീം സോളാർ കമ്പനിയുടെ തട്ടിപ്പിനെക്കുറിച്ച് മിനിസ്ട്രി ഓഫ് കോർപ്പറേറ്റ് അഫയേഴ്സിനെ യഥാസമയം അറിയിച്ചിട്ടുണ്ട്. |
| (സി) ടീം സോളാർ കമ്പനി ഇപ്പോഴും ആക്ടീവ് കമ്പനികളുടെ പട്ടികയിലാണ് ഉള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ടീം സോളാർ കമ്പനി കേന്ദ്ര ഗവൺമെന്റ്/ സംസ്ഥാന ഗവൺമെന്റ് അംഗീകാരം നൽകിയ കമ്പനികളുടെ പട്ടികയിലില്ല. |
| (ഡി) ഇനിയും തട്ടിപ്പ് തുടരാതിരിക്കാൻ പ്രസ്തുത കമ്പനിയെ കരിമ്പട്ടികയിൽപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | (ഡി) ടീം സോളാർ കമ്പനിയ്ക്ക് അംഗീകാരമില്ല. |

Mayhl

സെക്ഷൻ ഓഫീസർ